**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4140** **17-03-2025 - ൽ മറുപടിയ്ക്ക്**

**മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം നടത്താതെ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | 13.02.2025 ലെ WM3/35/2025/LSGD നമ്പർ സർക്കുലർ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെയും മറ്റ വകുപ്പുകളുടെയും പങ്കാളിത്തത്തോടെയാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങളോടൊപ്പം തന്നെ വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ, 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ, ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തലങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി ഫെസിലിറ്റീസ് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയും ലക്ഷ്യമിടുന്നുണ്ട്. മാർച്ച് 1 ന് ആരംഭിച്ച് 31 ന് അവസാനിക്കുന്ന രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങളും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>കൊതുക്, ഈച്ച തുടങ്ങിയ രോഗവ്യാപന സ്വഭാവമുള്ള പ്രാണികളുടെ പ്രജനന സൗകര്യങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഓടകൾ, നീർച്ചാലുകൾ, പൊതുജലാശയങ്ങൾ തുടങ്ങി എല്ലാ ജല നിർഗ്ഗമന പാതകളും വൃത്തിയാക്കുക, കിണറുകൾ വൃത്തിയാക്കി ക്ലോറിനേഷൻ ചെയ്യുക എന്നിവയുള്ള നടപടികൾ<br><br>വീടുകൾ, സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ |

| | | | |
|---|---|---|---|
| | | | ആചരിക്കുക. മാർച്ച് മാസത്തിലെ 5 ഞായറാഴ്ചകളിലും ഡ്രൈ ഡേ ആചരിക്കുക<br><br>മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി വരുന്ന ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ടൂറിസം, ഹരിത സ്ഥാപനം, ഹരിത വിദ്യാലയം, ഹരിത കലാലയം, ഹരിത ടൗൺ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രസ്തുത കാലയളവിനുള്ളിൽ പരമാവധി പൂർത്തീകരിച്ച് രോഗവ്യാപന സാധ്യത തടയുന്നതിനുള്ള മാതൃകയാകുക<br><br>ശുചീകരണ പ്രവർത്തനങ്ങൾ വഴി ലഭ്യമാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള നടപടികൾ<br><br>പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ പരാതിപ്പെടാനുള്ള സിംഗിൾ വാട്ട്സ് ആപ് നമ്പർ (9446700800) പൊതുജനങ്ങൾക്കിടയിൽ പരമാവധി പ്രചരണം നടത്തി ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി പരിഹാരം കാണുക. |

സെക്ഷൻ ഓഫീസർ